പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2054 22.01.2014 ൽ മറുപടിക്ക്

## പോലീസിനെ ഉപയോഗിച്ച് അധികാര ദുർവിനിയോഗം

| ചോദ്യം<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.എം.ചന്ദ്രൻ | മറുപടി<br>രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) ജനാധിപത്യപരവും നിയമാനുസൃതവുമായ മാനദണ്ഡമനുസരിച്ച് പോലീസിനെ പ്രവർത്തിപ്പിക്കാൻ സർക്കാർ തയ്യാറാകുമോ; | (എ) വ്യവസ്ഥാപിതവും നിയമാനുസൃതവുമായ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് നിലവിൽ സംസ്ഥാന പോലീസ് പ്രവർത്തിച്ചു വരുന്നത്. |
| ബി) പോലീസ് അന്വേഷിക്കുന്ന കേസുകളിൽ, ചോദ്യം ചെയ്യുമ്പോൾ മാനസികാഘാതം ഏൽപ്പിക്കുകയും മർദ്ദിക്കുകയും ചെയ്യുന്നതും തെളിവുകളും മൊഴികളും വ്യാജമായി നിർമ്മിക്കുന്നതും നിരപരാധികൾ പീഡനങ്ങൾക്ക് വിധേയരാകുന്നതും സാധാരണ ജനങ്ങൾക്ക് പോലീസ് സംവിധാനത്തിലുള്ള വിശ്വാസ തകർച്ചക്കിടയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) ഇല്ല. പോലീസ് അന്വേഷിക്കുന്ന കേസുകളിൽ പൗരന്മാരെ ചോദ്യം ചെയ്യുന്നതും മൊഴികൾ രേഖപ്പെടുത്തുന്നതും മാനസികമോ ശാരീരികമോ ആയ ആഘാതം ഏൽപ്പിച്ചുകൊണ്ടല്ല. കൂടാതെ പൗരൻമാരെ പീഡിപ്പിക്കുക എന്നത് സംസ്ഥാന പോലീസിന്റെ നയവുമല്ല. ഏതെങ്കിലും ഉദ്യോഗസ്ഥൻ ഇതിനു വിപരീതമായി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. പൊതു ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയും നിയമവാഴ്ച ഉറപ്പുവരുത്തുകയുമാണ് പോലീസിന്റെ കർത്തവ്യം. ഇതിനു പുറമെ ജനങ്ങളും പോലീസും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തി കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനുമായി ജനമൈത്രി പോലീസ് പദ്ധതി മികച്ച രീതിയിൽ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ